




# ഉയരെ

**ഡിജിറ്റൽ മാഗസിൻ**
**ലിറ്റിൽ കൈറ്റ്സ്**
**എസ് ബി എച്ച് എസ് എസ് ചങ്ങനാശ്ശേരി**



## ആശംസ

പ്രതിഭ കരുത്തായ കൗമാരം സമൂഹത്തിന്റെ സമ്പത്താണ്. വിരൽത്തുമ്പിൽ ഡിജിറ്റലൈസ്ഡ് ലോകം ഇതാ ഉയരെ.... ആശയങ്ങൾ വേറിട്ടതും നിലവാരമുള്ളതുമായി തോന്നി. ലിറ്റിൽ കൈറ്റ്സിലെ പുതുകൗമാരപ്രതിഭകൾ പ്രതീക്ഷ നല്കുന്നു. ആശംസകൾ...

**ഡോ. ക്രിസ്റ്റോ നേര്യംപറമ്പിൽ**
**മാനേജർ**



## ആശംസ

ഏറെ സുന്ദരമായിരിക്കുന്നു ഈ കുഞ്ഞുമാഗസിൻ. ഉയരെ പറക്കുന്ന കുഞ്ഞു പട്ടങ്ങൾ നാളെയുടെ സ്വപ്നങ്ങളാണ്... പ്രതീക്ഷകളും. ചായക്കൂട്ടുകൾ തയ്യാറാക്കിയ ഡിജിറ്റൽ പ്രതിഭകൾക്ക് നല്ല ഭാവി ആശംസിക്കുന്നു.

ഫാ. റോജി വല്ലയിൽ

ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ

'ഉയരെ'
ഉയരാനുള്ള കുഞ്ഞു പട്ടങ്ങളുടെ
സ്വപ്നമാണ്.
വിദ്യ, വിദ്യാലയം,
അധ്യാപകർ...ഈ
പട്ടച്ചരടുകളുടെ
ബന്ധമറ്റുപോകാതെ കുഞ്ഞു
പട്ടങ്ങൾ ഉയരെ പറക്കും.
ഉയരക്കാഴ്ചകൾ ഏവരുടെയും
സ്വപ്നമാണ്. അനന്ത
വിഹായസ്സിന്റെ
മനേഹാരിതയും....
കാറ്റിനോടുള്ള കിന്നാരം
പറച്ചിലും കിടപിടിക്കലും....
സാങ്കേതികവിദ്യയുടെ
അമരക്കാരൻ നമ്മുടെ മുൻ
രാഷ്ട്രപതി ശ്രീ എ പി ജെ
അബ്ദുൾ കലാം നമ്മെ
ഓർമ്മിപ്പിക്കുന്നപോലെ നമ്മുടെ
സ്വപ്നങ്ങൾ
ഉയരങ്ങളിലുണ്ടാവട്ടെ.

ചീഫ് എഡിറ്റർ


## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

ജോസഫ് ജിപ്സൺ

**ബോർഡ് മെമ്പേഴ്സ്**

മെൽബിൻ സനു

തോമസ് ദേവസ്യ

മിലൻ മജു

ജോസഫ്

ഷോൺ ബിറ്റോ

ഹാബിൻ മനോജ്




# എസ് ബി ഹയർ സെക്കൻഡറി സ്കൂൾ
## അറിവിന്റെ ലോകത്തെഅക്ഷരഗോപുരം

**അ**ക്ഷരനഗരിയായ കോട്ടയം ജില്ലയിൽ അഞ്ചുവിളക്കിന്റെ നാടായ ചങ്ങനാശ്ശേരിയുടെ ഹൃദയഭാഗത്ത് തല ഉയർത്തി നിൽക്കുന്ന വിദ്യാ കേന്ദ്രം ആണ് എസ് ബി ഹയർ സെക്കൻഡറി സ്കൂൾ. കേരള കത്തോലിക്കാ സഭയിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം. കേരളത്തിൻറെ വിദ്യാഭ്യാസ മണ്ഡലത്തിൽ അതിദ്വീയ സ്ഥാനമുറപ്പിച്ച വിദ്യാലയം, രാജ്യത്തൻ്റെ വിവിധ മണ്ഡലങ്ങളിൽ പ്രശസ്തരും പ്രഗൽഭരമായ അനേകം വ്യക്തിത്വങ്ങളെ വാർത്തെടുത്ത വിദ്യാലയം ഇങ്ങനെ പോകുന്നു എസ് ബി യുടെ വിശേഷങ്ങൾ. തദ്ദേശീയ മെത്രാന് വേണ്ടി കാത്തിരുന്ന ഭാരതത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് മാർപാപ്പ അനുവദിച്ചരുളിയ രണ്ടു വികാരി യാത്തുകളിൽ കോട്ടയത്തിന് ലഭിച്ച ഇടയനായ ബിഷപ്പ് ചാൾസ് ലെവിഞ്ഞ് കടന്നുവന്നത് ഉന്നത വിദ്യാഭ്യാസ നിർദേശവും ആയിട്ടാണ് . പക്ഷേ പുതിയ മെത്രാനെ സ്വീകരിക്കുവാൻ ആറാനത്ത് കൂടിയ വിശ്വാസ സമൂഹം മെത്രാന് മുമ്പിൽ ഇംഗ്ലീഷ് വിധേയ വിദ്യാലയം ആരംഭിക്കണമെന്ന് സ്വർണ്ണ ലിപിയിൽ എഴുതിയ നിവേദനം സമർപ്പിച്ചു. കോളേജ് സ്ഥാപനം ലക്ഷ്യംവെച്ച് മദ്രാസ് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ മെട്രിക്കലേഷൻ ക്ലാസ് ആരംഭിച്ചു കൊണ്ട് 1891 ഫെബ്രുവരി നാലിന് വിശുദ്ധ ബർക്കമാൻസിൻ്റെ നാമധേയത്തിൽ എസ്ബിഐ ഹൈസ്കൂൾ സ്ഥാപിതമായി. അന്നുമുതൽ ഇന്നുവരെ കാലോചിതമായ വിദ്യാഭ്യാസം തലമുറകൾക്ക് പകർന്നു നൽകുവാൻ സ്ബി വിദ്യാലയം നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഒരു വ്യക്തിയിലെ ഏറ്റവും ശ്രേഷ്ഠമായതിനെ വെളിച്ചത്തുകൊണ്ട് വരുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം എന്ന് ഗാന്ധിജി പരാമർശിച്ചിട്ടുണ്ട്. വിദ്യാഭ്യാസം എന്നാൽ വ്യക്തി വികാസത്തിന്റെ വേദിയായിരിക്കും എന്നും വ്യക്തിസത്തയുടെ ആവിഷ്കാരമായിരിക്കണമെന്നും മനുഷ്യനിലെ സർഗ്ഗശേഷികളുടെ അല്ലെങ്കിൽ ജന്മവാസനങ്ങളുടെ വികസനത്തിന് വേണ്ടി വിനിയോഗിക്കപ്പെടണം എന്നും ഹെക്സലി സ്പെൻസർ തുടങ്ങിയ ദാർശനികർ ഏറെക്കാലം മുമ്പേ പറഞ്ഞു വെച്ചിരിക്കുന്നു. ചിര പുരാതനവും നിത്യനൂതനത്വവും പകരുന്ന വിദ്യാഭ്യാസ പ്രക്രിയയിലൂടെ തലമുറയുടെ ചിന്തയിൽ വിജ്ഞാനത്തിന്റെ വിത്ത് പാകുവാൻ എസ് ബി സ്കൂൾ അതിൻറെ തുടക്കം മുതൽ ഇന്ന് വരെ അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ചങ്ങനാശ്ശേരിയുടെ വിദ്യാഭ്യാസ ചരിത്രം എസ് ബി സകൂളിൻ്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു.



സേവനം ചെയ്തു പ്രഗൽഭരായ അധ്യാപക ശ്രേഷ്ഠരെക്കൊണ്ടും ഇവിടെ പഠിച്ച് പ്രഗൽഭരയായ വിദ്യാർത്ഥികളെ കൊണ്ടും കൈവരിച്ച ' പ്രശസ്തി അൽഭുതാവഹമാണ്. മംഗലാപുരം കോളേജിൽ പഠിച്ച് ' യോഗ്യത നേടിയ പരമേശ്വരയ്യർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ലോകപ്രശസ്ത ആന്ത്രോപോളജിസ്റ്റായ ദിവാൻ ബഹാദൂർ എൽ കെ അനന്തകൃഷ്ണയ്യർ വിദ്യാലയത്തെ നയിച്ച പ്രഥമ അധ്യാപകരിൽ ശ്രദ്ധേയനാണ്. ജോസഫ് ചാണ്ടി മേനോൻ സ്വാതന്ത്ര്യ സമര സേനാനി കെ കേളപ്പൻ (കേരള ഗാന്ധി )തുടങ്ങിയ ഈ വിദ്യാലയത്തിന് നേതൃത്വം കൊടുത്ത അധ്യാപകരുടെ നിര വളരെ വലുതാണ്. വിദ്യാർത്ഥികളിൽ പ്രഗൽഭമദികളുടെ എണ്ണം കുറയ്ക്കുക ദുഷ്കരമാണ്.




കല്ലൂർ നാരായണപിള്ള, വി കെ വേലായുധൻ, മുട്ടത്തുവർക്കി, എം കെ ജോസഫ് ,നാസയിലെ ശാസ്ത്രജ്ഞനായിരുന്ന ഫാദർ മാത്യു തെക്കേക്കര, മുൻ മന്ത്രി കെ എം കോര, മലബാർ സഭ

മേജർ ആർട്ടിഫിഷമാരായ കരുതനാൾ ആന്റണി പടിയറ, കർദിനാൾ ജോർജ് ആലഞ്ചേരി, ചങ്ങനാശ്ശേരി മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പവത്തിൽ തുടങ്ങി പ്രഗൽഭരുടെ നിര നീണ്ടുപോകുന്നു. വിദ്യാഭ്യാസം വ്യക്തിയുടെ സമഗ്ര വികാസത്തിന് എന്ന ലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് പൊതു വിദ്യാഭ്യാസരംഗം കൂടുതൽ കാര്യക്ഷമമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ഈ ലക്ഷ്യത്തെ പൂർണമായി ഉൾക്കൊണ്ടുകൊണ്ട് എസ് ബി പഠിതാവിന്റെ വൈജ്ഞാനിക മേഖലയുടെയും സഹ വൈജ്ഞാനിക മേഖലയുടെയും വികാസം ലക്ഷ്യമാക്കി കൂടുതൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ നടപ്പിലാക്കി മുന്നേറിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പഠനം സുഗമമാക്കാൻ രൂപംകൊടുത്ത എക്സലൻസ് പ്രോഗ്രാം, ശാസ്ത്ര ഗവേഷണങ്ങളിലേക്ക് കൈപിടിച്ചുയർത്തുന്ന ലാബ് എന്നിവയൊക്കെ സാധാരണക്കാരായ കുട്ടികളെ ഉന്നതിയിലേക്ക് നയിക്കുവാൻ കൈത്താങ്ങ് ആകുന്നു. വിവരസാങ്കേതിക വിദ്യയുടെ മഹാപ്രപഞ്ചത്തിലേക്ക് സമൂഹത്തിലെ എല്ലാ വിഭാഗം വിദ്യാർഥികളെയും പ്രവേശിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് എസ് ബി സ്കൂൾ പ്രവർത്തിച്ചു മുന്നേറുന്നത്. 2002 ൽ ആരംഭിച്ച എക്സലൻസ് പ്രോഗ്രാം വിദ്യാർഥികളുടെ വൈജ്ഞാനിക മേഖലകളുടെ സമഗ്രമായ വികാസം ലക്ഷ്യം വെച്ചുകൊണ്ട് ഓരോ പഠിതാവിനും അവൻ്റെ അഭിരുചി പരിശോധിച്ചു പരിശീലനം നൽകിപ്പോയിരുന്നു. ഇന്നത്തെ കേരളത്തിൽ പൊതുവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന എല്ലാ ഗ്രൂപ്പുകളും എസ് ബി ക്ക് സ്വന്തം. എൻ സി സി നേവി ആർമി, എസ് പി സി, സ്കൗട്ട് , ഗ്രൂപ്പുകൾ പഠിതാവിനെ രാഷ്ട്രത്തിനും സമൂഹത്തിനും ഉതകുന്ന ഉത്തമ പൗരന്മാരായി വാർത്തെടുക്കാനുള്ള സമഗ്രമായി പരിശീലനം ഇവിടെ വിദ്യാർഥികൾക്ക് നൽകിപ്പോരുന്നു. ആരോഗ്യമുള്ള തലമുറ ആരോഗ്യമുള്ള സമൂഹത്തിന് അനിവാര്യമാണെന്ന തിരിച്ചറിവ് മുൻനിർത്തി കായിക പരിശീലനത്തിനും പ്രതിഭകളെ വാർത്തെടുക്കുന്നതിന് എസ് ബി കൂടുതൽ പ്രാധാന്യവും പ്രാമുഖ്യവും നല്കുന്നു . ഫുട്ബോൾ ഹാൻഡ് ബാഡ്മിൻറൺ അത്ലറ്റിക്സ് തുടങ്ങിയ മേഖലകളിലെ പരിചരണം തുടർച്ചയായി ഈ വിദ്യാലയത്തിൽ നടത്തപ്പെടുന്നു. ഫുട്ബോൾ ബാഡ്മിൻറൺ ഹാൻഡ് എന്ന ഇനങ്ങളിൽ റവന്യൂ ജില്ലാ തലങ്ങളിൽ ഒന്നാമത് എത്തുവാൻ ഇതിനോടകം നമുക്ക് സാധിച്ച നമ്മുടെ വിദ്യാലയത്തിൽ നിന്നും 11 കുട്ടികൾക്ക് പങ്കെടുക്കാൻ സാധിച്ചു എന്നത് അഭിമാനാർഹമായ നേട്ടമാണ്. പ്രവർത്തന ശൈലി കൊണ്ടും ആവിഷ്ക്കാരവൈവിധ്യം കൊണ്ടും വിദ്യാലയം ചരിത്രത്തിലൂടെ നേടിയെടുത്ത ഔന്നത്യം തുടരുക തന്നെ ചെയ്യും. എസ് ബി യുടെ പാരമ്പര്യത്തിൻ്റെ കൈത്തിരി തലമുറകളിലേക്ക് നമുക്ക് സന്നിവേശിപ്പിക്കാം. പരമകാരുണികനായ ദൈവത്തിൻറെ തുണയും സംരക്ഷണവും ഈ വിദ്യാലയത്തിന് എന്നും കോട്ടയായിരിക്കട്ടെ. എക്കാലവും അനുഗ്രഹങ്ങൾ ഈ വിദ്യാലയത്തിന് വർഷിച്ചു കൊണ്ടിരിക്കുന്ന സ്വർഗീയ മധ്യസ്ഥൻ വി.ജോൺ ബർക്കുമാൻസിനോട് പ്രാർത്ഥിച്ചു കൊണ്ട് നമുക്ക് നാളെകളിൽ മുന്നേറാം.



# വേനൽമഴയോട് പിണക്കം



ഇന്നലെ കാലത്ത്
വേനൽ മഴ വന്നെന്റെ മുറിയുടെ ജാലകത്തിൽ
മുട്ടിവിളിച്ചു...
ഇനിയും ഉണർന്നില്ലേ നീ..
കണ്ണുകൾ ചിമ്മിയുണർന്നു ഞാൻ..
ജാലകണ്ണിലൂടെ നോക്കി
മുറ്റത്തു ചിരി തൂകി അവൾ.... മഴ...
ഞങ്ങൾ ഒന്നിച്ചു കളിച്ചു... രസിച്ചു..
പെട്ടെന്നെത്തി അവൻ..
വെയിൽ...
അവളെങ്ങോ മറഞ്ഞു..
എന്റെ സന്തോഷവും...



# മേളകൾ

# അഭയാർത്ഥികൾ

.നേരം വെളുത്ത് തുടങ്ങുന്നതേയുള്ളൂ .........
മഴക്കാർ ഉണ്ടോ? തഴപ്പായേന്ന് സെൽവം ചാടി എഴുന്നേറ്റു. മാറിക്കിടുന്ന പോളിസ്റ്റർ മുണ്ട് വാരിച്ചുറ്റി. തലയണ കവറിനുള്ളിൽ പെമ്പ്രന്നോത്തിയെ പേടിച്ച് ഒളിപ്പിച്ച കാജാ ബീഡി ഒന്ന് തപ്പിയെടുത്തു. അരയ്ക്കു മീതെ മുണ്ടിൽ ചേടി വച്ചു. ഭദ്രം.

അരകല്ലിനടുത്ത് വെച്ചിരുന്ന ഡപ്പി പിരി അയച്ചു. കരി കുടഞ്ഞിട്ട് പിന്നെ ചൂണ്ടുവിരൽ വായിക്കുള്ളിലിട്ട് തെല്ലൊരഭ്യാസം...തുരുമ്പ് ചുവയുള്ള പൈപ്പ് വെള്ളം കാർക്കിച്ചു കുലുക്കുഴിഞ്ഞു തുപ്പി.

ഏലക്ക കുരുവിട്ട് തിളപ്പിച്ച കടും ചായയുമായി പിന്നിൽ കനകമ്മാൾ... ചെറുചൂടുള്ള ചായ ഊതി പാതി കുടിച്ച് ചളിങ്ങിയ മൊന്തയിൽ വെള്ളവും നിറച്ച് സെൽവം ഒറ്റ പോക്ക്!

വന്ന് പാതിവച്ച ചായക്കപ്പ് ചുണ്ടോടടുപ്പിക്കുമ്പോൾ അടുക്കളയിൽ നിന്നും വീണ്ടും തുള്ളൽ!!! 'എവിടെയായിരുന്നു മനുഷ്യാ നിങ്ങൾ? മാത്തച്ചായൻ വിളിച്ചു. നാട്ടിലേക്ക് വരും വഴി കോട്ടയത്ത് പോളച്ചന്റെ ബേക്കറി കടയിൽ നിന്നാ വിളികച്ചത്. ജോണിക്കുട്ടിയും കൂടെ പോന്നിട്ടുണ്ട്! ഉച്ചയ്ക്ക് കുറച്ച് കപ്പ ചെണ്ടപുഴുങ്ങിയതും കാന്താരി പൊട്ടിച്ചതും വീട്ടിൽ കൊണ്ടുവരണമെന്ന്. പിന്നെയും എന്തൊക്കെയോ പറഞ്ഞു. ഈ കുന്ത്രാണ്ടം ഓഫായിപ്പോയി. എത്ര തവണയായി പറയുന്നു ടൗണിൽ പോകുമ്പോൾ ബാറ്ററി ഒന്ന് മാറ്റണമെന്ന് ' അമ്മാൾ ശകാരം നിർത്തണ മട്ടില്ല.

'സാധാരണ ദുബായിൽ നിന്നും നാട്ടിലേക്ക് വരുമ്പോൾ മൂന്നാലു ദിവസം മുമ്പ് എങ്കിലും വിളിക്കണതാ അച്ചായൻ. വീട് കഴുകിത്തുടയ്ക്കണമെന്നും കരിയില കത്തിച്ച് പറമ്പ് വൃത്തിയാക്കണം എന്നുമൊക്കെ പറഞ്ഞ്. എന്തോ അത്യാവശ്യമുണ്ടാകും. അല്ലെങ്കിൽ പിന്നെ ആൻസു മോളെയും അമലൂട്ടനെയും അവിടെ തനിച്ചാക്കി ജോണിക്കുട്ടി വര്വോ' 'നീയൊന്ന് നിറുത്തെന്റെ കമ്മാളൂ.... സെൽവത്തിന്റെ ക്ഷമ നശിച്ചു. നീയാ തുണിസഞ്ചി ഇങ്ങെട്. ജംഗ്ഷനിലെ പെട്ടിക്കടയില് നല്ല കപ്പ കിട്ടും'.

സഞ്ചി നന്നായി കുടഞ്ഞ് സെൽവം വഴിയിലേക്ക് ഇറങ്ങി. 'പുളി കുറഞ്ഞ നാടൻ തൈര് കിട്ടുമെങ്കിൽ കുറച്ചു വാങ്ങിക്കോണെ കാന്താരി ചലിക്കാൻ' പിറകിൽ നിന്നും വിളിച്ചു കൂവുന്ന കനകമ്മാളിന്റെ പതിവ് ിന്നും തെറ്റിയില്ല.

30 വർഷം മുമ്പാണ് കനകമ്മാളും സെൽവവും തമിഴ്നാട്ടിലെ രാജപാളയത്തിൽ നിന്നും അഭയാർത്ഥികളായി കേരളത്തിൽ എത്തുന്നത്. വഴിവക്കിൽ ചാക്ക് വിരിച്ച് അതിനുമേൽ ഉറക്കം ഇതിനിടെ നാല് തവണ കനകമാളിന് ഗർഭംഅലസ്സി. തുടർന്ന് ഗർഭാശയ കാൻസർ ചികിത്സയിൽ ഗർഭപാത്രവും നീക്കം ചെയ്തു. പിന്നീട് അങ്ങോട്ട് തത്രപ്പാടായിരുന്നു, വീടുകൾ കയറിയിറങ്ങി ആക്രി സാധനങ്ങൾ പെറുക്കി ടൗണിലുള്ള 'തമിഴന്റെ' ആക്രിക്കടയിൽ എത്തിക്കും 200 300 കിട്ടും അതുകൊണ്ട് എന്താവാൻ?

പാന്തേഴത്ത് സ്റ്റോപ്പിന്റെ ഇറക്കത്തിലുള്ള കോൺക്രീറ്റ് കലുങ്കിന്മേൽ സാധനങ്ങൾ കുത്തിനിറച്ച് ചാക്കുകൾ അടുക്കി വയ്ക്കുമ്പോഴാണ് മാത്തച്ചൻ അവരെ ആദ്യമായി കാണുന്നത്. ആളെ വിട്ട് രണ്ടുപേരെയും വീട്ടിലേക്ക് വിളിപ്പിക്കുകയായിരുന്നു ആ പണക്കാരനായ ദയാലു.

'നീ ചപ്പും ചവറും തപ്പി അവിടെയും ഇവിടെയും ഇനി നിരങ്ങണ്ട. അവളുടെ കോലം കണ്ടില്ലേ? വല്ലതും വച്ച് ഉണ്ടാക്കി നല്ലവണ്ണം തിന്നാൻ.... ജംഗ്ഷനോട് ചേർന്ന് കിടക്കുന്ന എൻറെ നാലേക്കർ പറമ്പും പുരയിടവും നീ അങ്ങ് നോക്കി നടത്ത്.കുറച്ച് റബറും കപ്പയും വാഴയും പിന്നെ പത്തുമുപ്പതു കുരുമുളകും. ഒന്നരമാസം കൂടുമ്പോൾ പത്തുമുന്നൂറു തേങ്ങ കിട്ടും. നിങ്ങൾക്ക് വൈറ്റ് പിഴപ്പിന് അത് ധാരാളം മതി.' അച്ചായന്റെ ദയ പുരണ്ട വാക്കിൽ സെൽവത്തിന്റെ കണ്ണ് നിറഞ്ഞു.

ആദായത്തിന്റെ കണക്കൊന്നും അച്ചായൻ ഇതുവരെ ചോദിച്ചിട്ടില്ല. കൊടുത്തപ്പോഴൊക്കെ അതേപടി മടക്കി തന്നിട്ടേ ഉള്ളൂ. രണ്ട് ചെറു മുറികളുള്ള തരക്കേടില്ലാത്ത വീട് താമസിക്കാൻ തരപ്പെടുത്തി തന്നു.

'നാടുവിട്ടു പോകാൻ എനിക്ക് വയ്യടാ സസെൽവം. ജോണിക്കും ഭാര്യക്കും ദുബായിൽ മുന്തിയ ശമ്പളം ഉള്ള ജോലിയാണ.്‌ അവർക്ക് അവിടെ സെറ്റിൽ ആകണമെന്ന്' കാണുമ്പോഴൊക്കെ മാത്തച്ചൻ സങ്കടം പറയുമായിരുന്നു.

നല്ല പുട്ടു പോലുള്ള കപ്പ സൂപ്പറാട്ടോ! ആൻസി കുറച്ച് സാരി തന്നു വിട്ടിട്ടുണ്ട്. ഒരു വലിയ കവർ സെൽവത്തിനു നേരെ നീട്ടിയിട്ടു ജോണിക്കുട്ടി പറഞ്ഞു തേക്കിൽ തീർത്തു ചാരുകസേരയിൽ അമർന്നിരുന്നു. മുഖം താഴ്ത്തി. 'പറമ്പ് 10 വർഷത്തോളം നോക്കിയതല്ലേ ഇതിരിക്കട്ടെ' ഏതാനും പുത്തൻ 500 രൂപ നോട്ടുകൾ മടക്കി ജോണി കുട്ടി സെൽവത്തിന്റെ ഷർട്ടിന്റെ പോക്കറ്റിനുള്ളിൽ തിരുകി.

'കുട്ടനാട്ടിൽ നിന്നും ഒരു കക്ഷി വീടും പറമ്പും വിൽക്കുമോ എന്ന് ചോദിച്ചു വന്നിട്ടുണ്ട്. വിലയല്പം കുറവാ. എന്നാലും സാരമില്ല. അപ്പച്ചനെ ഇനി ഇങ്ങനെ നാട്ടിൽ തനിച്ച് നിർത്തി പോകാൻ പറ്റില്ല. ഞങ്ങൾക്ക് ലീവ് ആണെങ്കിൽ തീരെ കുറവ്' ജോണിക്കുട്ടി പരാതി പുസ്തകം തുറന്നു.

അച്ചായന്റെ കട്ടി കൂടിയ കണ്ണാടി ചില്ലിൽ കാഴ്ച മങ്ങുന്നതായി സെൽവത്തിനു തോന്നി.

വൈകുന്നേരം.........

കനകമ്മാൾ എല്ലാം എടുത്തു വച്ചോ? വാ ... ഇറങ്ങാം.... ചാക്ക്കെട്ടുകൾ നിറഞ്ഞഉന്തുവണ്ടി കലുങ്കിലെത്തി യപ്പോൾ അവിടെ കൈവരിയിൽ പിടിച്ച് മാത്തച്ചായൻ!!

'താൻ അവനോട് പൊറുത്തേക്കണം. അയ്യായിരം രൂപ തന്നു. എന്റെ മോൻ കാട്ടിയത് നെറികേടായി പോയി'.

അച്ചായന്റെ ശബ്ദം ഇടറി മുറിയുന്നത് സെൽവമറിഞ്ഞു. ' അച്ചായാ, ജോണിക്കുട്ടി ചെയ്തത് ശരി. അച്ചായന് പ്രായം ഏറെ വരികയല്ലേ! ഇനിയും ഒറ്റയ്ക്ക് ആക്കി തിരിച്ചു പോകാൻ ജോണിക്കുട്ടിക്ക് പറ്റുമോ'. ഒറ്റ ശ്വാസത്തിൽ പറഞ്ഞൊപ്പിച്ചു. ഒരു തടിച്ച കവർ അമ്മാളവിന്റെ കയ്യിൽ ഉള്ള സഞ്ചിക്കുള്ളിലേക്ക് തിരുകി വെച്ച് തിരിഞ്ഞു നടന്നു.

' ഞാനും ഇപ്പോൾ നിങ്ങളെപ്പോലെ ഒരു അഭയാർത്ഥി' ആ ശബ്ദം തീരെ നേരത്തിരുന്നു ....

അകന്നകന്നു പോകുന്ന ആ ദൈവദൂതനെ നോക്കി അവർ കലുങ്കിൽ തന്നെ നിന്നു.... കനകമ്മാൾ സെൽവത്തിന്റെ ഇടതു കൈയിൽ അമർത്തിപ്പിടിച്ചു. അവരുടെ 'പുതിയ' യാത്ര ഇവിടെ............


അഭയം തേടിയുള്ള യാത്ര........



Bijumon K O

# ലിറ്റിൽ കൈറ്റ്സ് @ എസ് ബി


യൂണിറ്റിൽ മൂന്നു ബാച്ചുകളിലായി 118 കുട്ടികൾ പഠനം നടത്തുന്നു. ക്ലാസ്സുകളിലൂടെ വിവരസാങ്കേതിക വിദ്യയുടെ മാസ്മരികലോകം അവരുടെ മുന്നിൽ തുറക്കുന്നു. തങ്ങൾ പഠിച്ച കാര്യങ്ങൾ സഹപാഠികളുമായി പങ്കുവെക്കുന്ന ക്ലാസ്സുകളും എസ്ബിയിൽ നടക്കുന്നു. മാതാപിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകളും മുടക്കം കൂടാതെ നടന്നു പോകുന്നു. കുട്ടികളുടെ പ്രവർത്തനങ്ങളെ പ്രദർശിപ്പിക്കുന്ന ഫ്രീഡം ഫെസ്റ്റ് വിപുലമായി നടത്തപ്പെടുകയുണ്ടായി. ക്ലാസിലെ സ്മാർട്ട് ഡിജിറ്റൽ സംവിധാനങ്ങളുടെ പരിപാലനം ഇവയെല്ലാം വളരെ കാര്യക്ഷമമമായി നിർവഹിച്ചുവരുന്നു. ഈ വർഷം പുതുതായിട്ട് ഏർപ്പെടുത്തിയ യൂണിഫോം കുട്ടികൾ വളരെയേറെ ആത്മവിശ്വാസവും അതോടൊപ്പം പ്രവർത്തനങ്ങളോടുള്ള താല്പര്യവും ഉണർത്താൻ കാരണമായി. തുടർച്ചയായി എസ് ബി യുടെ സാന്നിധ്യം ജില്ലാ ക്യാമ്പുകളിൽ ഉണ്ടായിരുന്നു. ഈ വർഷവും മൂന്നു കുട്ടികൾ പങ്കെടുത്തത് അഭിമാനത്തോടെ അറിയിക്കുന്നു. മാസ്റ്റർ ട്രയിനർ ബാലചന്ദ്രൻ സാർ യൂണിറ്റ് സന്ദർശിച്ചത് യൂണിറ്റ് അംഗങ്ങളിൽ പ്രവർത്തനങ്ങളോടുള്ള താല്പര്യം വർദ്ധിപ്പിക്കുവാൻ കാരണമായി. അതോടനുബന്ധിച്ച് നടന്ന മാതാപിതാക്കളുടെ സമ്മേളനം ലിറ്റിൽ കൈറ്റ്സിനെക്കുറിച്ച് പൂർണമായ അവബോധം രൂപീകരിക്കുന്നതിന് കാരണമായി എന്ന് മാതാക്കൾ തന്നെ അഭിപ്രായപ്പെട്ടു






## എക്സ്പേർട്ട് ക്ലാസ്



ഭിന്നശേഷി കുട്ടികളോടൊപ്പം





# റുട്ടീൻ ക്ലാസ്

# യൂണിറ്റ് വിസിറ്റ്

## ശ്രീ ബാലചന്ദ്രൻ സാർ

എൽ കെ രക്ഷകർത്താക്കളോട്









ലിറ്റിൽ കൈറ്റ്സ് ബാച്ച് (2022-2025,2023-2026 )പ്രധാനാധ്യാപകൻ റവ. ഫാ. റോജി വല്ലയിൽ, കൈറ്റ് മാസ്റ്റർ ശ്രീ. ബിജുമോൻ കെ ഒ, സി. ഷാന്റി എന്നിവർക്കൊപ്പം

# അമ്മു പൂമ്പാറ്റ



ഒരു ദിവസം അമ്മു പൂമ്പാറ്റ പാറി നടക്കുകയായിരുന്നു. അവൾ ഒരു പൂവിൽ ഇരുന്നു. അപ്പോഴാണ് അവൾ ആ കാഴ്ച കാണുന്നത്. ചെമ്പൻ പരുന്ത് അങ്ങ് ഉയരെ ആകാശത്തിൽ പറക്കുന്നു. അത് കണ്ട് അവൾക്ക് അസൂയ തോന്നി. തനിക്ക് എന്തുകൊണ്ടാണ് ഇത്രയും ഉയരെ പറക്കാൻ സാധിക്കാത്തത്?
 അവൾ പരുന്തിനോടു ചോദിച്ചു. 'ചേട്ടനെങ്ങനെ ഇത്രയും ഉയരെ പറക്കാൻ സാധിക്കുന്നു?' അപ്പോൾ ചെമ്പൻ പരുന്തു പറഞ്ഞു,'മോളേ, അമ്മു ദൈവം ഓരോരുത്തർക്കും വ്യത്യസ്ത കഴിവുകളാണ് തന്നിട്ടുള്ളത്. എനിക്ക് ആകാശം മുട്ടെ പറക്കാം. എന്നാൽ നിന്റെയത്ര സൗന്ദര്യമില്ല. നിന്നെ കാണാൻ എന്തു ഭംഗിയാണ്! നീ അതിൽ സന്തോഷിക്കുക'.
എന്നിട്ട് അവൻ പറന്നു പോയി. എന്തൊക്കെയായാലും നമ്മുടെ അമ്മു പൂമ്പാറ്റ അതൊന്നും വകവച്ചില്ല. അവൾ മാനം മുട്ടെ പറക്കാൻ തീരുമാനിച്ചു. അവൾ പറക്കാൻ തുടങ്ങി. അങ്ങ് ഉയരെ പെട്ടന്നാണ് ഒരു വലിയ കാറ്റു വീശിയത്. അവൾ തെറിച്ചു പോയി ഒരു മരക്കൊമ്പിലിടിച്ചു. അവൾക്ക് അവളുടെ ഭംഗിയുള്ള ചിറകുകൾ നഷ്ടപ്പെട്ടു. അവളാകെ വിഷമിച്ചു. അപ്പോളവൾക്കു മനസ്സിലായി.......
ഗുണപാഠം: 'സ്വന്തം കഴിവിൽ നമ്മൾ സന്തോഷിക്കണം. മറ്റുള്ളവരുടെ കഴിവിൽ നമ്മൾ അസൂയപ്പെടരുത്. അസൂയപ്പെട്ടാൽ നമ്മുടെ ഉള്ള കഴിവും പോകും.'

അലൻ 6 എഫ്

# മാതൃഭൂമി


വിളവെടുപ്പിന് തയ്യാറായി നില്ക്കുന്ന പാടങ്ങൾ... ഒറ്റനോട്ടത്തിൽ സ്വർണ്ണമാണെന്ന് തോന്നും. അങ്ങുമിങ്ങും തലയെടുപ്പോടെ നില്ക്കുന്ന തെങ്ങുകൾ.. എല്ലാം ആകാശത്ത് മുട്ടി നില്ക്കുന്നു. ഇഷ്ടാനുസരണം മേഞ്ഞുനടന്ന് അലറിവിളിക്കുന്ന പൈക്കിടാങ്ങൾ... എല്ലാം എനിക്ക് സുപരിചിതമായ കാഴ്ചകൾ... എവിടെയോ കണ്ടുമറഞ്ഞപോൽ.. പെട്ടന്ന് വലതുകൈപ്പത്തിയിൽ ഒരു തണുപ്പ്. അയാൾ ഞെട്ടി ഉണർന്നു. ചുറ്റിലും നോക്കി. കൈയിലെന്തോ വീണപോലെ. അയാൾ മുകളിലേക്കു നോക്കി. മുത്തുകൾ പോലെ താഴേക്കു പതിക്കുന്ന വെള്ളത്തുള്ളിയായിരുന്നു..ബാംഗ്ളൂർ എന്ന ഭ്രാന്തനഗരത്തിന്റെ നാലു ചുവരുകൾക്കുള്ളിലിരുന്ന് അയാൾക്ക് ശ്വാസം മുട്ടി.

കലണ്ടറിലിന്ന് ചുവന്ന അക്കമാണ്. ഉച്ചയൂണിനു ശേഷം മയങ്ങുകയായിരുന്ന അയാൾകണ്ട സുന്ദരസ്വപ്നം ചെറിയ ജലകണികകൾ തല്ലിക്കെടുത്തി. സ്വപ്നം മറ്റൊന്നുമായിരുന്നില്ല. അയാൾ പിറന്നുവീണ മണ്ണുതന്നെയായിരുന്നു. ഉത്തരവാദിത്വങ്ങൾ നിറവേറ്റി ഒരു ജോലിക്കായിട്ടാണ് അവിടേക്കു വന്നത്. ജോലിയൊക്കെ കിട്ടി. പക്ഷെ തന്റെ മാതൃഭൂമിയെ അയാൾ വല്ലായെ കൊതിച്ചു. ഒരിക്കലെങ്കിലും അവിടേക്കു പോകണം എന്ന ആഗ്രഹമുണ്ടായിരുന്നു. പക്ഷേ സാഹചര്യങ്ങളും സമയവും അതിനനുകൂലമായിരുന്നില്ല. ചിന്തകളെ വല്ലപാടും വിട്ട് അയാൾ ബാൽക്കണിയിലേക്ക് നടന്നു. സൂര്യൻ അതിന്റെ ഉച്ചിയിലെത്തിനില്ക്കുന്നു. ഈ നഗരത്തിൽ വന്നിട്ട് അടുത്തമാസം ആറുമാസത്തോളമാകും. മാതാപിതാക്കളും സഹോദരങ്ങളും ദില്ലിയിലാണെങ്കിലും അയാളുടെ മനസ്സ് കളിച്ചു നാട്ടിലുണ്ടായിരുന്നു. മനോഹരമായ വായനശാലയും ക്ഷേത്രത്തിലെ ഉത്സവം പെരുന്നാളും എല്ലാം അയാളുടെ മനസ്സിലേക്ക് ഓടിയെത്തി. തന്നെ അവിടേക്ക് ആരോ നിർബന്ധിച്ചു വിളിക്കുന്നതുപോലെ. പക്ഷേ നാളെ ഓഫീസ് പ്രവർത്തനം ആണ് ആണ് . കൂടാതെ ആദ്യത്തെ ആറുമാസം ലീവ് എടുക്കാൻ പറ്റില്ല. അതുകൊണ്ട് ആഗ്രഹത്തിന് കഴിഞ്ഞാണിട്ട് പിടിക്കുവാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം രണ്ടും കൽപ്പിച്ചു പോകാൻ തീരുമാനിച്ചു. ഉറങ്ങാൻ പറ്റിയില്ല. കാരണം അവിടം കാണാനുള്ള ആകാംക്ഷയായിരുന്നു മനസ്സ് മുഴുവൻ . രാവിലെ ആറിനായിരുന്നു ട്രയിൻ.സ്റ്റേഷനിൽചെന്ന് പത്തുമിനിട്ടിനകം വണ്ടി വന്നു. കയറിയിരുന്നു. യാത്രയ്ക്ക് വളരെ ദൂരം ഉള്ളതുപോലെ അനുഭവപ്പെടാൻ തുടങ്ങി. ശരവേഗത്തിൽ മണിക്കൂറുകൾ കൊഴിഞ്ഞു പോകുന്നു. എന്നിട്ടും വണ്ടി എവിടെയും എത്താത്തതുപോലെ. ഇപ്പോഴും തൻറെ വീടും സ്ഥലങ്ങളും കാണുമോ? എന്തെങ്കിലും സംഭവിച്ചു കാണുമോ എന്നൊക്കെ അയാൾ കാടുകയറി ചിന്തിച്ചു. കാരണം നഗരവത്ക്കരണത്തെക്കുറിച്ച് അയാൾകേട്ടുകഴിഞ്ഞിരുന്നു. വലിയ ശബ്ദത്തോടെ തീവണ്ടി നിന്നു. അടുത്ത ഓട്ടോ സ്റ്റാന്റിലേക്കു കയറി. ഓട്ടോയിൽ കയറി, എത്താനുള്ള സ്ഥലം ഏതാണെന്ന് പറഞ്ഞിട്ട് ചിന്തയിലാണ്ടു. ഓട്ടോ നിറുത്തി. അയാൾക്ക് വിശ്വസിക്കാനായില്ല. പച്ചപ്പോ പാടങ്ങളോ ഇല്ലാത്ത ഒരു മരുഭൂമി. ഫ്ലാറ്റുകളും റോഡുകളും മാത്രം. അയാൾ തിരിഞ്ഞു നടന്നു ......

# കാത്തിരിപ്പ്

എനിക്കറിയാമായിരുന്നു നീ
എന്നിലേക്കുതന്നെ മടങ്ങിയെത്തുമെന്ന്
ഋതുക്കൾ മാറിമാറി വന്നപ്പോഴും
ഞാൻ കാത്തിരിക്കുകയായിരുന്നു.
ആഷാഢമാസത്തിന്റെ അവസാനത്തിൽ
എന്നിലേക്കെത്തിയ വസന്തമേ..
വയ്യ ഇനിയുമീ വിരഹം.
ഇനി യാത്ര നിന്നോടൊപ്പം.
ഹൃദയത്തിലൊരു നോവു സമ്മാനിച്ച്
ഈ മഴയും പെയ്തു തോർന്നു.
ഒരു മഴ നനയാൻ കൊതിയാണെനിക്ക്
കാത്തിരിക്കും ഞാനടുത്ത വസന്തത്തിനായി.....

ആനന്ദ് ടി ബിന്ദു
6സി



## "വഴി മറന്നു പോയ യാത്രക്കാരൻ"

പുറത്തു നല്ല മഴയുണ്ട് . സന്ധ്യ മുതൽ നിർത്താതെ പെയ്യുകയാണ്. പതിനെട്ടിനു ശേഷം മഴയെന്നു കേൾക്കുമ്പോൾ ഞങ്ങൾ കുട്ടനാട്ടുകാർക്ക് അത്ര കുളിരുകോരാറില്ല. പകൽ മുഴുവൻ നീണ്ട അലച്ചിലായിരുന്നു. ഇതിനിടയിൽ  പലവട്ടം വായനശാലയിൽ നിന്നും സെക്രട്ടറി ഫോൺ വിളിച്ചിട്ടുണ്ട് . മറുപടി പറയാൻ ഒന്നുമില്ലാത്തതു കൊണ്ട് എടുത്തില്ല. ഇന്നെങ്കിലും എഴുതിക്കൊടുത്തേ പറ്റൂ.. മറ്റന്നാൾ ഓണപ്പതിപ്പ് ഇറക്കാനുള്ളതാ... പേപ്പറും പേനയും എടുത്തു. റേഡിയോ ഓൺ ചെയ്തു. ഫിലിപ്പ്സിന്റെ പഴയ മോഡലാണ്.

റേഡിയോയിൽ സുന്ദര സ്ത്രീ ശബ്ദം... പൂവച്ചൽ ഖാദറിന്റെ

വരികൾക്ക് ശ്യാം ഈണം പകർന്ന് യേശുദാസ് ആലപിച്ച ഗാനം ചിത്രം അത്തം ചിത്തിര ചോതി പഴയ പാട്ടാണ്. ശൂന്യമായ പേപ്പറിലേക്കു നോക്കി. ഒന്നുമെഴുതാൻ തോന്നുന്നില്ല. ആരെങ്കിലും ഒരു കഥാപാത്രമായി മനസിലേക്ക് കടന്നു വന്നിരുന്നെങ്കിൽ... പരിചിത മുഖങ്ങളെല്ലാം മിന്നിമാഞ്ഞു... ആർക്കുമൊന്നും പറയാനില്ല... കേൾക്കാൻ ഞാൻ കാത്തിരുന്നു.

അടുക്കളയിൽ നിന്നും കുക്കൂറിന്റെ വിസിൽ... വയറ്റിൽ നിന്നും വിശപ്പിന്റെ സൈറൺ... വിശപ്പിനെക്കുറിച്ചോർത്തതു കൊണ്ടാവാം പൊടുന്നനെ മനസ്സിലേക്ക് ഒരു രൂപം കടന്നു വന്നു. എണ്ണക്കറുപ്പുള്ള ഒരു രൂപം... 'ഉറുമ'. ഞങ്ങൾ സ്നേഹത്തോടെ അയാളെ അങ്ങനെയാണ വിളിച്ചിരുന്നത്.

ഉറുമയുടെ പേര്
അതുതന്നെയായിരുന്നോ? അറിയില്ല.
എനിക്കോർമ്മ വെച്ച നാൾ മുതൽ
ഉറുമ മാമ്പുഴക്കരിലുണ്ട്.
കറുത്തിരുണ്ട ശരീരം..
ഷർട്ട് ധരിക്കാറില്ല. ദേഹം നിറയെ
രോമങ്ങൾ. ചുരുണ്ട
മുടിയാണെങ്കിലും സമ്മർ ചീകി
ഒതുക്കുവെച്ചേ നടക്കാറൊള്ളു.
കൈലിയും തോളിലൊരു
തോർത്തും, അതാണ് സ്ഥിരം വേഷം.
കയ്യിലെപ്പോഴും ഒരു സഞ്ചിയോ
ചാക്കോ കാണും. ചിലപ്പോൾ തേങ്ങ,
അല്ലെങ്കിൽ കുടംപുളി,
അതുമല്ലെങ്കിൽ ആറ്റുമീൻ.
ഏതെങ്കിലും വീട്ടിൽ
കൊണ്ടക്കൊടുക്കാനുള്ള
പോക്കായിരിക്കും കുടവയർ
കുലുക്കിയാണ് നടപ്പ്.
നാട്ടുകാർക്കുപകാരി
അറുപതിനോടടുത്ത്

പ്രായമുണ്ടെങ്കിലും അയാളുടെ
സിൽബന്തികൾ നാട്ടിലെ
കുട്ടികളാണ്. നല്ല ഭക്ഷണപ്രിയൻ.
ഉറുമ അധികം സംസാരിച്ച് ഞാൻ
കണ്ടിട്ടേയില്ല. എന്തേലും പറഞ്ഞാൽ
അത് കുട്ടികളോടുമാത്രം.
കുട്ടിക്കൂട്ടത്തിന് അയാൾ
രക്ഷാധികാരിയാണ്. ക്രിക്കറ്റു
കളിക്കാൻ ടീമിട്ടു നൽകുന്നതും
ചൂണ്ട കെട്ടിക്കൊടുക്കുന്നതും
പ്രശ്നങ്ങൾ പരിഹരിക്കുന്നതുമെല്ലാം
ഉറുമയാണ്. വളളത്തിൽ നിന്ന്
നെല്ലുംചാക്ക് ചുമക്കാൻ
ഉറുമയുണ്ടാകും . കണ്ടം
വറ്റിക്കുമ്പോൾ മീൻപിടിക്കാനും ഉറുമ
തന്നെ... നാട്ടിൽ കല്യാണമോ
മരണമോ ഉണ്ടായാൽ പന്തലിടാനും
അയാൾ തന്നെ മുമ്പന്തിയിൽ . . . .
സണ്ണിയപ്പന്റെ പറമ്പിലെ
ഒറ്റമുറിച്ചായ്പ്പിലെ താമസം. അയാളീ

നാട്ടുകാരനല്ലായെന്ന് ആരും വിശ്വസിക്കില്ല. അയളുടെ ഭൂതവും വർത്തമാനവും ഭാവിയുമെല്ലാം ഈ നാടിനെ ചുറ്റിപറ്റിയാണെന്നാണ് നാട്ടുകാരുടെ വിശ്വാസം ഈ സംഭവം നടക്കുന്നതു വരെ...

ഞാൻ നാല്ലാംക്ലാസിൽ പഠിക്കുന്ന പ്രായം ഞങ്ങളുടെ നാട്ടിലെ ഒരേയൊരു എൽ.പി.സ്കുളാണ് സംഭവബഹുലമായ ആ സന്ദർഭത്തിന് സാക്ഷ്യം വഹിക്കുന്നത് പള്ളിക്കൂടത്തിലേക്ക് പോകാൻ കുട്ടികൾ സാധാരണയായി ഉപയോഗിക്കുന്നത് വായനശാലപറമ്പിലൂടെയുള്ള വഴിയാണ് ഒന്നരയേക്കറിനടുത്ത് പറമ്പ് വെറുതേ കാടുപിടിച്ചു കിടക്കുന്നു. ഭൂമിയുടെ അവകാശികളിൽ പലരും അവിടെ സ്വൈര്യവിഹാരം നടത്തുന്നു.

പറമ്പിലേക്ക് കടക്കണമെങ്കിൽ ഒരു പാലമുണ്ട്. നല്ല ഒന്നാന്തരം ഇലക്ട്രിക് പോസ്റ്റ് തോടിനുകുറുകെയിട്ടിരിക്കുന്നു. രാവിലെയും വൈകിട്ടും ഉറുമയുടെ ഡ്യൂട്ടി അവിടെയാണ്. എല്ലാറ്റിനേയും തോളിൽക്കയറ്റി അക്കരെയെത്തിക്കണം.

അന്നും പതിവുപോലെ വായനശാലപ്പാലത്തിന്റെ സമീപത്തുനിന്ന് ഉറുമ കുട്ടികളെ സുരക്ഷിതരായി അക്കരെകടത്തുന്നു. കൂട്ടത്തിലെ വില്ലൻ സരുൺ ദാസ് ഒറ്റക്കാലിൽ  തോട്ടിലേക്ക് ബാലൻസ് ചെയ്തു നിൽക്കുകയാണ്. വലതു കൈ കരയിൽ നിൽക്കുന്ന ഞങ്ങളുടെ കൈകളുമായി ബന്ധിതമാണ്. ഞങ്ങൾ കൈ അയച്ചുകൊടുക്കുന്നതിനനുസരിച്ച് മറുകൈ തോട്ടിലിറയത്തു നിൽക്കുന്ന വെറ്റമഷിച്ചെടിയിലേക്ക്

നീളുന്നു. മഷിത്തണ്ടില്ലേ? അതാണ്
സാധനം.. !
ക്ഷമ, ഏകാഗ്രത, മെയ്യ് വഴക്കം - ഇവ
മൂന്നും സരുൺ ദാസിൽ
സമ്മേളിക്കുന്നു. പെട്ടെന്നാണതു
സംഭവിച്ചത്. കരയിലെന്തു
നടക്കുന്നുവെന്ന കൗതുകത്തോടെ
ഒരു പുളവന്റെ എത്തിനോട്ടം
ഞങ്ങളിലൊരുത്തൻ
നിലംതെറ്റിത്താഴെ... സരൺ ദാസ്
തോട്ടിലേയ്ക്കും. നിന്നനിൽപ്പിൽ
പാലത്തിൽ നിന്ന് മറ്റൊരാളും
വെള്ളത്തിലേയ്ക്ക്; ഉറുമ.

അന്നുരാത്രി ഉറുമ സരുണിന്റെ
വീട്ടിൽച്ചെന്നെന്ന് അയൽക്കാർ
പറഞ്ഞ് ഞാനുമറിഞ്ഞു.
അയാളവനെ ഒരു പേരു വിളിച്ചു;
'മണിക്കുട്ടൻ' ഒരു പാടുനേരം
അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു.
അവന്റെ അപ്പനുമമ്മയും ഒന്നും

മനസിലാകാതെ തരിച്ചുനിന്നു. മകന്റെ ജീവൻ രക്ഷിച്ചവനോടുള്ള നന്ദി അവരുടെ കണ്ണിൽ പ്രകടമായിരുന്നു. കഴിക്കാനുള്ള ക്ഷണത്തെ നിരസിച്ചുകൊണ്ട് അയാൾ പോകാനിറങ്ങി. വേലിക്കെട്ടുവരെ ദാസപ്പൻ ചേട്ടൻ അയാളെ അനുഗമിച്ചു. ആത്മഗതമെന്നോണം ഉറുമ മന്ത്രിച്ചു കൊണ്ടിരുന്നു. "കൂടെ ഞാൻ നിന്നിട്ടില്ല... ഓള് കരഞ്ഞു പറഞ്ഞതാ....... ഇനി നിരീച്ചാലും എന്റെ കുഞ്ഞിനെ എനിക്ക് കാണാനെക്ക്വോ... തിരിച്ചുപോണം... അതങ്ങനെ പോകാനാ വഴി പോലും മറന്നില്ലേ..."

ഒരു ഭ്രാന്തനേപ്പോലെ അയാൾ ഇരുളിൽ മറഞ്ഞു.ശൂന്യമായ കടലാസിലേക്ക് ഞാൻ വീണ്ടും നോക്കി. റേഡിയോയിൽ ആ പാട്ട് അവസാനിച്ചിട്ടില്ല,

“വഴി മറന്ന യാത്രക്കാരെ
എവിടെ നിങ്ങൾ പോകുന്നു”

കഥയ്ക്ക് പേരിടണം.. ഞാൻ
പേനയെടുത്തു..

എബി ടോം സിബി (UPST)
എസ് ബി സ്കൂൾ ചങ്ങനാശേരി
MOB: 9946608932







ചങ്ങനാശ്ശേരി നഗരസഭ
ജില്ലാശിശുക്ഷേമ സമിതി
ശിശുദിനറാലി




VIII C

# മുട്ടായി കടലാസ്

നാരായണേട്ടന്റെ
കടയിൽ...
ആഹാ...
ചൊക ചൊകന്നൊരു
കുപ്പിക്കുള്ളിൽ
പച്ച നിറമുള്ള എന്നെ
കൊച്ചേട്ടൻ വാങ്ങി..
പോക്കറ്റിലിട്ടു...
ഉച്ചക്ക്...
മധുരിക്കുന്ന ഹൃദയമെടുത്തു...
പിന്നെ...
എന്നെ വലിച്ചെറിഞ്ഞു...
നെഞ്ച് പിടഞ്ഞു..
ഞാനാ ഇരുട്ടിൽ...



# കുറുങ്ങു കവിതകൾ

## വിയർപ്പുപ്പ്

കറിയുപ്പ് തീർന്നേ
പോയി...
വിയർപ്പു കുറുക്കി
അമ്മ.
കഞ്ഞിയിൽ ഇട്ടു...
കുമ്പിളിൽ കോരിയ
കഞ്ഞിക്കിതു.
ഒന്നൊന്നര സ്വാദ്...

## എന്റെ കണക്കു പുസ്തകം

മികവുള്ളൊരു പുറം ചട്ട
എഴുതിപ്പോയ കണക്കുകൾ...
എഴുതാൻ പോകുന്ന കുറേ കണക്കുകൾ...
വരയില്ലാ പേജുകൾ... ഇനിയും എഴുതി
തുടങ്ങാത്ത എന്റെ...
കണക്കുപുസ്തകം.

















## റിപ്പബ്ലിക് ദിന പരേഡിൽ മുഴങ്ങും, എസ്ബി സ്കൂൾ വിദ്യാർഥി ബെവന്റെ സംഗീതം

ചങ്ങനാശേരി: ഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷ കൾച്ചറൽ പ്രോഗ്രാമിന് കേരളത്തെ പ്രതിനിധീകരിച്ച് ചങ്ങനാശേരി സ്വദേശി ബെവനും. സംഘഗാനം, സംഘനൃത്തം ഇനങ്ങളിലാണ് ബെവൻ സംഗീത വിസ്മയം തീർക്കുന്നത്.

ചാനൽ റിയാലിറ്റി ഷോയിലൂടെ ജനമനസിൽ ഇടം നേടിയ ഈ കൊച്ചുമിടുക്കൻ ചങ്ങനാശേരി ഇത്തിത്താനം കോട്ടാശേരി വീട്ടിൽ അധ്യാപക ദമ്പതികളായ ബിജുമോന്റെയും ജെസ്മിയുടെയും മകനാണ്. നാല് വയസു മുതൽ കർണാടക സംഗീതജ്ഞനായ ഇത്തിത്താനം പ്രേംജി കെ. ഭാസിയിൽനിന്നു സംഗീതം അഭ്യസിക്കുന്നു.

ബെവൻ

ചങ്ങനാശേരി എസ്ബി ഹയർ സെക്കൻഡറി സ്കൂൾ ഒൻപതാം ക്ലാസ് വിദ്യാർഥിയാണ് ബെവൻ. സ്കൂൾ മ്യൂസിക് അധ്യാപകൻ ലാലിച്ചൻ ജോസഫിൽനിന്നു സംഗീതപാഠങ്ങൾ നേടുന്നു. പഠനത്തിലും മിടുക്കനായ ബെവൻ സംസ്ഥാനതല മ്യൂസിക് മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

പ്രശസ്ത സംഗീത ആൽബങ്ങളിലും മികവ് തെളിയിച്ചിട്ടുണ്ട്. ജ്യേഷ്ഠസഹോദരൻ ബെൻ കഴിഞ്ഞ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിൽ കേരളത്തെ പ്രതിനിധീകരിച്ചു പങ്കെടുത്തിരുന്നു.

അഭിനന്ദനങ്ങൾ!!!









നന്ദിയോടെ വിട.......

# വേനൽമഴ

പിന്നെയും വരുന്നുണ്ട്....
വെയിലിനു പിന്നിലൊളിച്ച്,
ഞൊടിയിൽ....
വെയിലിനെ മറച്ച്.
ഋതുക്കളെ ഋണമാക്കി,
മുറതെറ്റിയ പുത്തനടവുമായി.....
കുരുത്തം കെട്ടവൻ!!
കുട നിവർത്തും നിമിഷാർദ്ധം
പൊഴിഞ്ഞുതീരും
വിസ്മയ മുത്തുകൾ!
കുട മടക്കും നേരമാർത്തു
വീണ്ടുമെത്തും
കളിയാക്കിയും പിന്നെ കളി
കാര്യമെന്ന് പറഞ്ഞും!!
ഒരുവേള മനസ്സിൽ തീ കോരിയും
ഇടവേള തീയിൽ കുളിരു കോരിയും
നൊമ്പരക്കനലിനെ
ഉലയിലൂതിയുംസ്വപ്നച്ചിറകിൽ
മൃദുതൂവൽ
നെയ്തുചേർത്തും
നിഴലിന്റെ നീളമളന്നും
ഒപ്പമുണ്ടവൻ.
ഇണങ്ങിയും പിണങ്ങിയും
കാലഭേദങ്ങളോടിടഞ്ഞും
കൂടെയുണ്ടവൻ.
ദർപ്പണക്കാഴ്ചകൾ
മാഞ്ഞുപോകും
വീർത്തുപൊട്ടും കുമിളകൾ
ബാക്കിപത്രം
ജീവിതം
അതെ
മിഥ്യയായ സത്യം!!!

നന്ദി

ഉയരെയുടെ ശില്പികൾക്ക്.......

താങ്ങായി നിന്നവർക്ക്......

സർവ്വോപരി

സർവ്വശക്തന്........

നന്ദി......